# പതിമൂന്നാം കേരള നിയമസഭ
# പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 660** **02.12.2014- ൽ മറുപടിക്ക്**

## ഹാൻടെക്സ് - ആഭ്യന്തര പ്രശ്നങ്ങൾ

| ചോദ്യം<br>ശ്രീ.എളമരം കരീം | ഉത്തരം<br>ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
|---|---|

(എ) ഹാൻടെക്സിന്റെ ബൈ ലോയിൽ സർക്കാർ ഉദ്യോഗസ്ഥനെ മാനേജിംഗ് ഡയറക്ടറായി നിയമിക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; എന്നാൽ പല തവണ ആക്ഷേപങ്ങൾക്ക് വിധേയരായ ഹാൻടെക്സ് ജീവനക്കാരായ വ്യക്തികളെ നിയമിക്കുന്നതിന് ഭരണസമിതി ശുപാർശ ചെയ്തിട്ടുണ്ടോ;

(എ) ബൈലോയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആക്ഷേപങ്ങൾക്ക് വിധേയരായ ഹാന്റക്സ് ജീവനക്കാരായ വ്യക്തികളെ നിയമിക്കുന്നതിന് ഭരണ സമിതി ശുപാർശ ചെയ്തിട്ടില്ല. ഹാന്റക്സിലെ മാനേജിംഗ് ഡയറക്ടർ നിയമനത്തിന് ഭരണസമിതിയുടെ ശുപാർശ ആവശ്യമില്ല.

(ബി) നിലിവിലുള്ള ഭരണസമിതി അധികാര മേറ്റശേഷം ഓരോ വർഷവും അന്യസംസ്ഥാ നങ്ങളിൽ നിന്നും എന്ത് തുകയുടെ തുണിത്തരങ്ങൾ സംഭരിച്ചു; സംഭരണത്തിന് നിയോഗിച്ച ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം എന്നിവ വ്യക്തമാ ക്കാമോ;

(ബി) അന്യ സംസ്ഥാനങ്ങളിൽ നിന്നും സംഭരിച്ച തുണിത്തരങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു

| വർഷം | തുക(രൂപ) |
|---|---|
| 2010-11(17.05.2010 മുതൽ 11.03.2011 വരെ) | 87,32,243.90 |
| 2011-12(01.04.2011 മുതൽ 31.03.2012 വരെ) | 4,71,33,946.60 |
| 2012-13(01.04.2012 മുതൽ 31.03.2013 വരെ) | 4,83,98,114.10 |
| 2013-14(01.04.2013 മുതൽ 31.03.2014 വരെ) | 3,87,86,050.60 |
| 2014-15(01.04.2014 മുതൽ 31.10.2014 വരെ) | 6,53,45,474.50 |

മാർക്കറ്റിംഗ് വിഭാഗത്തിൽ ഡെപ്യൂട്ടി മാർക്കറ്റിംഗ് മാനേജരായിരുന്ന ശ്രീ.ടി.എം.ശങ്കരനും തുടർന്ന് ഡെപ്യൂട്ടി മാർക്കറ്റിംഗ് മാനേജരുടെ ഇൻ-ചാർജ്ജ് ചുമതല വഹിച്ചിരുന്ന ശ്രീ.എസ്.വേണുഗോപാലനും ഇപ്പോൾ ടെക്നിക്കൽ സൂപ്പർവൈസർ ശ്രീ.കെ.മുരളികുമാറുമാണ് അന്യ സംസ്ഥാനങ്ങളിൽ നിന്നും തുണിത്തരങ്ങൾ സംഭരിക്കുന്നതിന് നിയോഗിക്കപ്പെട്ടിരുന്നത്.

(സി) അന്യസംസ്ഥാനങ്ങളിൽ നിന്നും സംഭരിച്ച തുണിത്തരങ്ങൾ ഹാൻഡ്ലൂം ഹൗസ്, എൻ.എസ്.ഐ.സി എന്നീ സ്ഥാപനങ്ങൾ വഴി സംഭരിച്ച് പരിശോധന നിർവ്വഹിച്ച ഉദ്യോഗസ്ഥൻ ആരാണ്; വ്യക്തമാക്കാമോ;

(സി) ഹാന്റ്ലൂം ഹൗസ്, എൻ.എസ്.ഐ.സി എന്നീ കേന്ദ്രസ്ഥാപനങ്ങൾ വഴി സംഭരിക്കുന്ന തുണിത്തരങ്ങൾ ഹാന്റക്സ് പ്രത്യേക പരിശോധന നടത്താറില്ല.

(ഡി) അന്യസംസ്ഥാനങ്ങളിൽ നിന്നും സംഭരിക്കുന്ന തുണിത്തരങ്ങൾക്ക് വില നിശ്ചയിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്താണ്; വിശദീകരിക്കുമോ?

(ഡി) ഹാന്റ്ലൂം ഹൗസ്, എൻ.എസ്.ഐ.സി എന്നീ സ്ഥാപനങ്ങളിൽ നിന്നും സംഭരിക്കുന്ന തുണിത്തരങ്ങളുടെ വിലയിൽ ഹാന്റക്സ് നിശ്ചിത ശതമാനം ലാഭം ചേർത്ത് വിൽപന വില നിശ്ചയിക്കുന്നു.

സെക്ഷൻ ഓഫീസർ